കെ.എസ്.ഇ.ബി. ജീവനക്കാരുടെ വാഹന ആനുകൂല്യങ്ങൾ

9 (2210) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തകരാറുകളും ഉപഭോക്താക്കളുടെ പരാതികളും പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. ജീവനക്കാർ അവരുടെ സ്വന്തം വാഹനങ്ങളിലാണ് ഫീൽഡിൽ പോകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ചെലവിലേക്കായി ബോർഡിൽ നിന്നും നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ നല്കി വരുന്ന ആനുകൂല്യങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി ഉപയോഗിക്കുന്ന ജീവനക്കാരുടെ സ്വകാര്യ ടൂ വീലറുകളിലും മറ്റു വാഹനങ്ങളിലും കെ.എസ്.ഇ.ബി. എന്ന് ആലേഖനം ചെയ്ത ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള അനുവാദം ജീവനക്കാർക്ക് നൽകുമോ?

ഉത്തരം

(എ) മോഡൽ സെക്ഷൻ സംവിധാനം കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിച്ചതിനെത്തുടർന്ന് എല്ലാ സെക്ഷൻ ഓഫീസുകളിലും വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ അത്യാവശ്യ സന്ദർഭങ്ങളിൽ ജീവനക്കാർ തങ്ങളുടെ സ്വകാര്യ വാഹനങ്ങളും ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാറുണ്ട്. 2011-ലെ ദീർഘകാല കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ഓഫീസുകളിൽ ജോലി ചെയ്യുവരുന്ന ഇലക്ട്രിസിറ്റി വർക്കർമാർക്കും, വർക്ക്മെൻ കാറ്റഗറിയിൽപ്പെടുന്ന മീറ്റർ റീഡർ ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവ് സ്റ്റാഫുകൾക്കും റീജിയണൽ ആഡിറ്റ് ഓഫീസിൽ പ്രവർത്തിക്കുന്ന സീനിയർ അസിസ്റ്റന്റുമാർക്കും, സിസ്റ്റം സൂപ്പർവൈസർമാർക്കും പ്രതിമാസം 300 രൂപാ നിരക്കിൽ കൺവെയൻസ് അലവൻസ് മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിച്ചുവരുന്നു. കൂടാതെ കായൽ അലവൻസിന് അർഹതയുള്ളവർക്കും ടി ആനുകൂല്യം ലഭ്യമാണ്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ പ്രവർത്തിച്ചുവരുന്ന ബ്രേക്ക് ഡൗൺ വിംഗിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് 350 രൂപാ നിരക്കിൽ പ്രസ്തുത ആനുകൂല്യം അനുവദിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലാകാലങ്ങളിൽ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിലെത്തി ഗവൺമെന്റ് അംഗീകാരത്തോടുകൂടി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കിവരുന്ന ദീർഘകാല കരാറുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് കൺവെയൻസ് അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകളിൽ വർദ്ധനവ് വരുത്തുന്നത്. ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന കൺവെയൻസ് അലവൻസ് അപര്യാപ്തമാണെന്ന പരാതി നിലവിൽ വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെയോ സർക്കാരിന്റെയോ പരിഗണനയിൽ വന്നിട്ടില്ല.

(സി) ഇല്ല. സ്വകാര്യ വാഹനങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന് ആലേഖനം ചെയ്ത ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ഇ.ബി.പെൻഷൻ ഫണ്ട് രൂപീകരണം

10 (2211) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ടിൽ നാളിതുവരെ സർക്കാർ വിഹിതമായും കമ്പനി വിഹിതമായും എത്ര തുക നിക്ഷേപിച്ചിട്ടുണ്ട്;

(ബി) മുൻകാലങ്ങളിൽ വൈദ്യുതി ബോർഡിൽ നിലനിന്നിരുന്ന പെൻഷൻ രീതി പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം രൂപീകരിക്കേണ്ട പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റ് 12-2-2015-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31-10-2013 വരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സർവ്വീസിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ നിറവേറ്റുന്നതിന് 12,419 കോടി രൂപ ആവശ്യമാണെന്നാണ് ആക്ച്യൂറിയൽ വാല്യുവേഷൻ പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ളത്. 28-1-2015-ലെ സർക്കാർ ഉത്തരവനുസരിച്ച് മേൽ തുകയിൽ 5,861 കോടി രൂപ കേരള സർക്കാർ വിഹിതമായിരിക്കുന്നതും ആയത് 31-10-2013 മുതലുള്ള 10 വർഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള സർക്കാരിന് നൽകേണ്ടതായ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കുന്നതുമാണ്. കൂടാതെ 1-4-2008 മുതൽ 31-3-2012 വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly